കവർസ്റ്റോറി ●

സയ്യിദ് ഹുസൈൻ നസ്ർ



# ആധുനിക വിദ്യാഭ്യാസം ചരിത്രവും ദർശനവും

**പാശ്ചാത്യ** നാടുകളിലെത്തുന്ന യുവ മുസ്‌ലിംകൾ ഏറ്റവുമധികം അടുത്തിടപഴകുന്നത് അവിടത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായിട്ടാണ്. അവർക്കേറ്റവും ഹൃദ്യമായ അനുഭവങ്ങൾ നൽകുന്നതും അവതന്നെ. ഇസ്‌ലാമിക ലോകത്തുള്ള ആധുനികവത്കൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ സ്ഥിതിയും മറിച്ചല്ല. മുസ്‌ലിംകൾക്ക് ആധുനിക വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യം വെച്ച് സ്ഥാപിച്ചവയാണ് മുസ്‌ലിം നാടുകളിലുള്ള അത്തരം സ്ഥാപനങ്ങളെല്ലാം. അതുകൊണ്ടുതന്നെ പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ ചരിത്രപരമായ വേരുകളും അർഥതലങ്ങളും നിർവഹണവുമെല്ലാം ആഴത്തിൽ ഗ്രഹിക്കേണ്ടത് യുവ മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം സുപ്രധാനമാണ്.

ഇസ്‌ലാമിക രാജ്യങ്ങളെ പോലെ, പാശ്ചാത്യ നാടുകളിലും ആധുനികവത്കരണത്തിനും മതേതരവത്കരണത്തിനും മുമ്പ് (നവോത്ഥാന കാലം വരെ) വിദ്യാഭ്യാസം മതവുമായി ബന്ധപ്പെട്ടതായിരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രത്യക്ഷമായോ പരോക്ഷമായോ നിയന്ത്രിച്ചിരുന്നത് ചർച്ച് ആയിരുന്നു. ജൂത ന്യൂനപക്ഷങ്ങൾ കൂടുതൽ ഉള്ളിടങ്ങളിലെല്ലാം അവർക്കും പ്രത്യേക വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടായിരുന്നു. ഉപരിപഠന കേന്ദ്രങ്ങളിൽ ക്രിസ്ത്യൻ വിദ്യാർഥികളെ പുരോഹിതരാക്കാനും ജൂത വിദ്യാർഥികളെ 'റബ്ബി'കളാക്കാനുമുതകുന്ന വിജ്ഞാനങ്ങളായിരുന്നു നൽകിയിരുന്നത്. കാലങ്ങളായി ഇസ്‌ലാമിക ലോകത്ത് പ്രചാരത്തിലുള്ള ഖുർആൻ സ്കൂളുകളെയും മദ്റസകളെയും മറ്റും അനുസ്മരിപ്പിക്കുന്ന ഒരു സാഹചര്യമായിരുന്നു ഇത്. ഇസ്‌ലാമികലോകത്ത് വിദ്യാഭ്യാസം ആധുനികോത്തര യൂറോപ്പിലേതിനേക്കാൾ വ്യാപകമായിരുന്നു എന്നു മാത്രം.

മധ്യയുഗത്തിന്റെ ആരംഭത്തിൽ സ്പെയിൻ, സിസിലി, ഫ്രാൻസ്, ഇറ്റലി പോലുള്ള രാജ്യങ്ങൾ വഴി ഇസ്‌ലാമിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ പാശ്ചാത്യ സ്ഥാപനങ്ങളെ കാര്യമായി സ്വാധീനിച്ചു. വാസ്തവത്തിൽ പാശ്ചാത്യ സർവകലാശാലകൾക്ക് ജന്മം നൽകിയ യൂറോപ്യൻ കോളേജ്

സംവിധാനത്തിന് ഇസ്‌ലാമിക ലോകത്ത് ഇന്നും നിലനിന്നുപോരുന്ന മദ്‌റസാ സംവിധാനവുമായി അടുത്ത ബന്ധമുണ്ടായിരുന്നു. 'കുർസി' 'ചെയർ' ആയ പോലെ പാശ്ചാത്യ സർവകലാശാലകളിലെ പല സംജ്ഞകളും അറബി പദങ്ങളുടെ മൊഴിമാറ്റമാണ്. പാശ്ചാത്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിശേഷിച്ചും സർവകലാശാലകൾ ആധുനിക ലോകത്തിന്റെ സംഭാവനയല്ലെന്നും പടിഞ്ഞാറിന്റെ ആധുനിക പൂർവ കാലഘട്ടത്തിന്റെ സംഭാവനയാണെന്നുമുള്ളത് സുപ്രധാനമായൊരു കാര്യമാണ്.

എന്നാൽ മോഡേണിസത്തിന്റെ വികാസഘട്ടത്തിൽതന്നെ പാശ്ചാത്യ ലോകത്തെ മിക്ക വിദ്യാഭ്യാസ സ്ഥാപനങ്ങളും അതിന്റെ പിടിയിലൊതുങ്ങുകയും അങ്ങനെ മതലോകവീക്ഷണത്തെ വിമർശിക്കുന്നതിനും മതേതരവത്കരണം വ്യാപിപ്പിക്കുന്നതിനും ആധുനിക ലോകത്തിന്റേതായ ഒരു മൂല്യവ്യവസ്ഥ സ്ഥാപിച്ചെടുക്കുന്നതിനുമുള്ള ആയുധമായി ആധുനിക വിദ്യാഭ്യാസം മാറുകയും ചെയ്തു. ശാസ്ത്രജ്ഞാനങ്ങൾക്ക് പുറമെ സാമ്പത്തിക താൽപര്യങ്ങൾ സംരക്ഷിക്കുന്നത് സംബന്ധിച്ചും കൂടുതൽ ചലനാത്മകമായ സാമൂഹിക നിർമിതിയെക്കുറിച്ചുമെല്ലാമുള്ള ആശയങ്ങൾ നവവിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ പ്രചരിപ്പിക്കപ്പെട്ടു. അമേരിക്കയിൽ ആരംഭം കുറിച്ച ഈ പ്രവണത പിൽക്കാലത്ത് യൂറോപ്പിലേക്കും വ്യാപിക്കുകയായിരുന്നു.

പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ മതേതരവത്കരണം, നൂറ്റാണ്ടുകളായി തുടർന്നുകൊണ്ടിരിക്കുന്ന, ഇനിയും പരിസമാപ്തിയിലെത്തിയിട്ടില്ലാത്തൊരു പ്രതിഭാസമാണ്. ഒരു ഭാഗത്ത് ചർച്ചുകൾക്ക് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടുതലായി മതേതരവത്കരിക്കപ്പെട്ടപ്പോൾ മറുവശത്ത് സ്റ്റേറ്റ് തന്നെ പുതിയ മതേതര വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചുകൊണ്ടിരുന്നു. മതവിദ്യാഭ്യാസ സ്ഥാപനങ്ങളെയും സ്റ്റേറ്റിനു കീഴിലുള്ള മതേതര സ്ഥാപനങ്ങളെയും കൃത്യമായി വേർതിരിച്ചു നിർത്താൻ അധികാരികൾ പ്രത്യേകം ശ്രദ്ധിച്ചു. ഫ്രാൻസ്, യു.എസ് പോലുള്ള രാജ്യങ്ങളിൽ മത-മതേതര വിദ്യാഭ്യാസങ്ങൾ തമ്മിലുള്ള ഈ വേർതിരിവ് കണിശമായി പാലിക്കപ്പെട്ടു. പൊതു ഖജനാവിലെ പണംകൊണ്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ മതത്തിന്റേതായ യാതൊരു വർണവും കലരാതിരിക്കാൻ അധികാരികൾ പ്രത്യേകം ശ്രദ്ധിച്ചു. എന്നാൽ ഇതിൽനിന്നും വിഭിന്നമായി ബ്രിട്ടൻ, ജർമനി പോലുള്ള രാജ്യങ്ങളിൽ സർക്കാറുകൾ മത വിദ്യാഭ്യാസത്തെ പിന്തുണച്ചുപോന്നു. ചുരുക്കത്തിൽ, പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ പൊതുവായ ചിത്രം പരിശോധിച്ചാൽ ഒരുവശത്ത് ചർച്ചും മറ്റും സ്ഥാപിച്ച പരമ്പരാഗത വിദ്യാഭ്യാസ സ്ഥാപനങ്ങൾ മതേതരവത്കരിക്കപ്പെടുകയും ധാരാളം മതേതര സ്ഥാപനങ്ങൾ പുതുതായി സ്ഥാപിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾതന്നെ മറുവശത്ത് മത വിദ്യാഭ്യാസം തുടർന്നുപോരുന്നതും കാണാം. രണ്ടിന്റെയും വിദ്യാഭ്യാസ ദർശനങ്ങളിൽ കാര്യമായ അന്തരങ്ങളുണ്ടെങ്കിലും.

മതേതരത്വം, ദേശീയത, പ്രയോജനവാദം തുടങ്ങിയ ചിന്താപദ്ധതികളുടെ പ്രചാരമായിരുന്നു അമേരിക്കയിലും യൂറോപ്പിലും സ്ഥാപിതമായ ആധുനിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സാക്ഷാത്കരിക്കാൻ കഴിഞ്ഞ പ്രധാന ലക്ഷ്യം. 19-ാം നൂറ്റാണ്ടിൽ സ്വയമൊരു മതം തന്നെ ആയി മാറിയ ഭൗതിക പുരോഗതി (Material progress) എന്ന ആശയത്തിന്റെ പ്രചാരണവും മറ്റൊരു മുഖ്യ ലക്ഷ്യമായിരുന്നു. എന്നിരുന്നാലും മനസ്സിനും ആത്മാവിനും ശിക്ഷണം നൽകുക എന്ന വിദ്യാഭ്യാസത്തെ സംബന്ധിച്ച പൗരാണിക സങ്കൽപം തീർത്തും അപ്രത്യക്ഷമായിട്ടില്ല. വിശേഷിച്ചും പുരാതന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ. പക്ഷേ, പുതിയ വിദ്യാഭ്യാസ ദർശനത്തിൽനിന്നും അവക്ക് ശക്തമായ വെല്ലുവിളി നേരിടുന്നുണ്ട്. ഫലമോ, യൂനിവേഴ്സിറ്റികളും അവയുടെ സ്വാധീനഫലമായി പ്രൈമറി സെക്കന്ററി സ്കൂളുകളും മതേതര ആശയങ്ങൾ പ്രചരിപ്പിക്കാനുള്ള ഒരുതരം സെക്യുലർ ചർച്ചുകളായി മാറിയിരിക്കുന്നു. സ്വന്തം മേഖലകളിൽ, വിശേഷിച്ചും ശാസ്ത്രരംഗത്ത് കൃത്യമായ അധികാരം സ്ഥാപിക്കുക വഴി ഒരളവോളം പഴയ പൗരോഹിത്യത്തിന്റെ സ്ഥാനമേറ്റെടുത്തിരിക്കുകയാണ് ഇവർ. മനോവിശകലനം (Psycho Analysis), പരിണാമവാദം, ഭൗതികവികസന സങ്കൽപം തുടങ്ങി ആധുനികലോകത്ത് മതങ്ങളുടെ അടിത്തറയിളക്കിയ മതേതര ആശയങ്ങൾ മിക്കതും ആധുനിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയാണ് വളർന്നു വികസിച്ചത്. അവിടെ നിന്നുമാണ് ഇതര സാമൂഹിക മണ്ഡലങ്ങളിലേക്കെല്ലാം അവയുടെ പ്രസരണമുണ്ടായത്.

ദേശീയതാവാദം, മാർക്സിസം, കമ്യൂണിസം, പാശ്ചാത്യ ജനാധിപത്യം, മുതലാളിത്തം തുടങ്ങി ആധുനിക ലോകത്ത് ആധിപത്യം സ്ഥാപിച്ച പ്രത്യയശാസ്ത്രങ്ങൾക്ക് സമൂഹ മനസ്സുകളിൽ വേരാഴ്ത്താൻ കഴിഞ്ഞതിൽ 19-ാം നൂറ്റാണ്ടു മുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഹിച്ച പങ്ക് വലുതാ

ണ്. എന്നാൽ നേരത്തെയുണ്ടായിരുന്ന വിദ്യാഭ്യാസത്തിന്റെ മതോന്മുഖമായ അടിത്തറയും മതാഭിമുഖ്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇനിയും അതിജീവിച്ചു നിൽക്കുന്നതിനാൽ പാശ്ചാത്യ ലോകത്ത്, വിശേഷിച്ചും അമേരിക്കയിൽ മതേതര പ്രത്യയശാസ്ത്രങ്ങളും മതാശയങ്ങളും തമ്മിൽ നിരന്തര സംഘർഷം തുടർന്നുപോരുന്നുണ്ട്.

മദ്റസകളിലും ഇതര അർധ പാരമ്പര്യ ഇസ്‌ലാമിക സ്ഥാപനങ്ങളിലും പഠിച്ചുവളരുന്ന ഒരു മുസ്‌ലിമിന് ആധുനിക വിദ്യാഭ്യാസ ക്രമത്തിൽ എങ്ങനെയാണ് വിഭിന്ന വിജ്ഞാന ശാഖകളിൽ നിന്നും മതത്തെ വേർപ്പെടുത്തിയിരിക്കുന്നതെന്ന് മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടാവും. പരമ്പരാഗത ശൈലിയിൽനിന്നും വ്യത്യസ്തമായി വിവിധ വിജ്ഞാന ശാഖകൾ 'കമ്പാർട്ട്മെന്റലൈസ്' ചെയ്യപ്പെടുക മാത്രമല്ല ഉണ്ടായത്. ഒപ്പം അറിവുകളും ധാർമിക മൂല്യങ്ങളും ഏറെ കുറെ പൂർണമായും വേർപ്പെടുത്തപ്പെട്ടു. ജൂത-ക്രൈസ്തവ സംഘടനകൾ നേരിട്ട് സ്പോൺസർ ചെയ്യുന്നവയൊഴിച്ച് മറ്റു മിക്ക പാശ്ചാത്യ സർവകലാശാലകളിലും ഇതായിരുന്നു സ്ഥിതി. കൊട്ടിഘോഷിക്കപ്പെടുന്ന മതേതര വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് പോകുന്ന വിദ്യാർഥികൾക്ക് ആത്മീയ മൂല്യങ്ങളുടെ അധ്യാപനത്തിനുള്ള നീരസം നിർബന്ധ യോഗ്യതയായി മാറി. വിദ്യാഭ്യാസ സംവിധാനത്തെ അതിന്റെ മതകീയ പരിസരത്തുനിന്നും അറുത്തുമാറ്റിയതു കാരണം ഇനി ധാർമികത എന്നൊരു പ്രശ്നം വിദ്യാഭ്യാസത്തിൽ പരിഗണിക്കുകയാണെങ്കിൽതന്നെ ഏതൊരു ധാർമികതയാവണം പഠിപ്പിക്കേണ്ടതെന്ന പ്രശ്നമുയരുന്നു. അധ്യാപകർക്കും സ്റ്റേറ്റിനും ഉത്തരവാദപ്പെട്ട മറ്റു സ്ഥാപനങ്ങൾക്കും ഏതൊരു നൈതിക മാതൃക(ethical norms)യാണ് വിദ്യാർഥികളെ പഠിപ്പിക്കേണ്ടതെന്ന വിഷയത്തിൽ യോജിപ്പിലെത്താൻ കഴിയാത്തതു കാരണം പലപ്പോഴും ജീവിതത്തിന്റെ നൈതിക തലം (Ethical Dimension) തന്നെ ആപേക്ഷികവത്കരിക്കപ്പെടുകയോ നിരാകരിക്കപ്പെടുകയോ ആണുണ്ടായത്.

മതവും മതേതര മാനവികതയും തമ്മിലുള്ള സംഘർഷത്തിന്റെ നോവിലാണ് ഇന്ന് പാശ്ചാത്യ വിദ്യാഭ്യാസം. സൃഷ്ടിവാദത്തിനെതിരെ പരിണാമവാദം, ബഹുസ്വര സാംസ്കാരികതക്കെതിരെ യൂറോ കേന്ദ്രിതം(Euro centrism) എന്നിങ്ങനെ വിഭിന്ന വിഷയങ്ങൾക്കും ജ്ഞാനശാഖകൾക്കുമിടക്ക് കൃത്യമായ അതിർവരമ്പുകൾ നിർമിക്കപ്പെട്ടിരിക്കുന്നു. ജീവിതത്തിന്റെ അർഥതലങ്ങൾ, വ്യത്യസ്ത ജ്ഞാനശാഖകൾ തമ്മിലെ പരസ്പര ബന്ധം, നൈതികത തുടങ്ങി വിദ്യാഭ്യാസ ദർശനത്തിന്റെ തന്നെ ആണിക്കല്ലായ വിഷയങ്ങളിൽ പോലും ഈ സംഘർഷം കാണാം. വിദ്യാഭ്യാസ സംബന്ധമായ സിദ്ധാന്തങ്ങളിൽനിന്നും സത്യം എന്ന സങ്കൽപം(concept) തന്നെ തിരോഭവിച്ചുവെന്നതായിരുന്നു ഇത്തരം സംഘർഷങ്ങളുടെ ഫലം. ഇന്ന് പാശ്ചാത്യ ജ്ഞാന കേന്ദ്രങ്ങളിൽ മിക്കതിലും സത്യം(truth) സംബന്ധിച്ച ചർച്ചകൾ നടക്കുന്നത് ജൈവശാസ്ത്ര(Natural Science)ത്തിലും ഗണിത ശാസ്ത്രത്തിലും മാത്രമാണ്. മാനവിക വിഷയങ്ങളിലും സാമൂഹിക ശാസ്ത്രത്തിലും അധ്യാപകർ സത്യത്തെക്കുറിച്ച് പരാമർശിക്കുന്നതുതന്നെ അത്യപൂർവമായിരിക്കും. സത്യം എന്ന ഒന്നില്ല എന്നു തോന്നുമാറ് മിക്ക വിഷയങ്ങളും തീർത്തും ആപേക്ഷികതയുടെ അടിസ്ഥാനത്തിലാണ് അവതരിപ്പിക്കപ്പെടുന്നത്. ആധുനിക ദാർശനികരിൽ പലരും സത്യം എന്ന സംജ്ഞയുടെ അർഥത്തെയും നിലനിൽപിനെതന്നെയും ചോദ്യം ചെയ്യുന്നവരാണ്.

ആധുനികരുടെ ധൈഷണിക മണ്ഡലത്തിന്റെ തനതു സവിശേഷതയായ ഈ 'കമ്പാർട്ടുമെന്റലൈസേഷൻ' ആധുനിക വിദ്യാഭ്യാസത്തിൽ പ്രതിഫലിക്കപ്പെടുന്നു എന്നതു മാത്രമല്ല പ്രശ്നം. മറിച്ച് ആധുനിക വിദ്യാഭ്യാസം അത്തരം കമ്പാർട്ടുമെന്റലൈസേഷന് ഹേതുവാകുന്നുമുണ്ട്. പാശ്ചാത്യ ചിന്തകരിലെ പല പ്രമുഖരും അതിരുകടന്ന ഈ കമ്പാർട്ട്മെന്റലൈസേഷനെ മറികടക്കാൻ ശ്രമിച്ചെങ്കിലും നിരാശയായിരുന്നു ഫലം. വിഭിന്ന ജ്ഞാന ശാഖകളെ സമരസപ്പെടുത്തുന്ന ഒരു ലോക വീക്ഷണം അവർക്കൊന്നുമുണ്ടായിരുന്നില്ല എന്നതായിരുന്നു കാരണം. ഗണിതശാസ്ത്രവും ഭൗതികശാസ്ത്രവും ഒരുവശത്തും, സാമൂഹിക ശാസ്ത്രവും മാനവിക വിജ്ഞാനീയങ്ങളും മറുവശത്തുമായിക്കൊണ്ടുള്ളൊരു വിഭജനം നേരത്തേയുണ്ട്. ഓരോന്നിനും സ്വതന്ത്രമായ പരിപ്രേക്ഷ്യവും രീതികളുമാണുള്ളത്. അതേസമയം മാനവിക, സാമൂഹിക ശാസ്ത്ര വക്താക്കളിൽ മിക്കവരെയും നാചറൽ സയൻസിനെ അന്ധമായി അനുകരിക്കാനുള്ള ഭ്രമം ബാധിച്ചിരിക്കുകയുമാണ്.

പാശ്ചാത്യ വിദ്യാ കേന്ദ്രങ്ങളിൽ പഠനത്തിനെത്തുന്ന യുവ മുസ്‌ലിംകളിൽ മിക്കവരും മാനവിക വിഷയങ്ങളെ ഗൗരവത്തിലെടുക്കുന്നത് അത്യപൂർവമാണ്. അധികപേരും തെരഞ്ഞെടുക്കു

ന്നത് ശാസ്ത്ര വിഷയങ്ങളോ എഞ്ചിനീയറിംഗോ മെഡിസിനോ ആണ്. ഇസ്‌ലാമിക ലോകത്ത് സ്ഥാപിതമായ ആധുനിക സർവകലാശാലകളും ഗുരുതരമായ പ്രതിസന്ധി നേരിടുന്നുണ്ട്.

മാനവിക വിജ്ഞാനീയങ്ങളും പടിഞ്ഞാറുനിന്നും ഇറക്കുമതി ചെയ്ത ശാസ്ത്രങ്ങളും തമ്മിൽ കൃത്യമായ സംയോജനം സാധ്യമാക്കാതെയാണ് പ്രസ്തുത സ്ഥാപനങ്ങൾ ഇസ്‌ലാമിക ലോകത്തേക്ക് പറിച്ചു നട്ടിരിക്കുന്നത്. പല പാശ്ചാത്യ വിദ്യാ കേന്ദ്രങ്ങളും മധ്യകാലഘട്ടത്തിന്റേതായ ചില മൂല്യങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും മനുഷ്യനെ കേവലം മതമുക്തനായ ശുദ്ധ ഭൗമജീവിയായി മാത്രമോ അതല്ലെങ്കിൽ 19-ാം നൂറ്റാണ്ടു മുതൽ മാർക്സിസ്റ്റ്, പോസിറ്റീവിസ്റ്റ് സൈദ്ധാന്തികർ നിരീക്ഷിച്ചതുപോലെ 'സാമൂഹികയന്ത്ര'ത്തിന്റെ കേവലമൊരു 'പൽചക്രം' മാത്രമോ ആയി കാണുന്ന നവീനാശയങ്ങളുടെ ആധിപത്യം ഇപ്പോഴും നിലനിൽക്കുന്നുണ്ട്. അതിനാൽതന്നെ ഈ നവവിജ്ഞാന കേന്ദ്രങ്ങൾ മതസ്ഥാപനങ്ങളുമായും മനുഷ്യനെ അവന്റെ മാനസിക-ആത്മീയ തലങ്ങൾ പരിഗണിച്ചുകൊണ്ടുള്ള ഒരു സാകല്യമായിക്കാണുന്ന പൗരാണിക മാനവികതയുമായും നിരന്തര സംഘർഷത്തിലാണ്.

ആധുനിക പാശ്ചാത്യവിദ്യാഭ്യാസം ഇസ്‌ലാമിക ലോകത്തിനു മേൽ കനത്ത ആഘാതമേൽപിച്ചിട്ടുണ്ട് എന്നതിൽ സംശയമില്ല. പടിഞ്ഞാറൻ രാജ്യങ്ങളിലേക്കയച്ച മുസ്‌ലിം വിദ്യാർഥികളിലൂടെയാണ് ഈ ആഘാതമുണ്ടായതെന്നും വസ്തുതയാണ്. മതവിശ്വാസികളും മതവിരോധികളുമായ വിദ്യാർഥികൾ തമ്മിലുണ്ടായ സംഘർഷങ്ങൾ കണ്ട് മുസ്‌ലിം വിദ്യാർഥികൾ പലപ്പോഴും തികഞ്ഞ ആശയക്കുഴപ്പത്തിലായി. പാശ്ചാത്യ വിദ്യാഭ്യാസത്തിൽ ശാസ്ത്രത്തിൽനിന്നും നൈതികതയെ അകറ്റിനിർത്തിയതിന്റെ സ്വാഭാവിക പരിണതികളായിരുന്നു ഇതെല്ലാം. ആധുനിക വിദ്യാഭ്യാസം വഴി ഇസ്‌ലാമിക ലോകത്തിനകത്തും പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ ഈ സ്വാധീനം കാണാവുന്നതാണ്. എന്നു മാത്രമല്ല ജ്ഞാനങ്ങളുടെ ഏകതയിലും (unity) ദൈവത്തോടുള്ള മനുഷ്യന്റെ അടിമത്തത്തിലും ദിവ്യ വെളിപാടിന്റെ കേന്ദ്രീയതയിലുമെല്ലാം ഊന്നിയ തനതായ ദർശനമുള്ള പരമ്പരാഗത ജ്ഞാന കേന്ദ്രങ്ങളും ആധുനിക വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള സംഘർഷം കാരണം ഇസ്‌ലാമിക ലോകത്ത് കൂടുതൽ തീവ്രമായ പ്രതിസന്ധിയാണുള്ളത്. പാശ്ചാത്യ മാതൃകകൾഅന്ധമായി അനുകരിച്ചതിന്റെ ഫലമായി മുസ്‌ലിം രാജ്യങ്ങളിലെ വൻ നഗരങ്ങളിലുള്ള പ്രൈമറി സെക്കന്ററി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെല്ലാം ഈ സംഘർഷം നിലനിൽക്കുന്നുണ്ട്. അന്ധമായ ഈ അനുകരണങ്ങൾ പലപ്പോഴും ചരിത്രപരമായ അനിവാര്യതയായിരുന്നു. പാകിസ്താൻ, ഇന്ത്യ, നൈജീരിയ പോലുള്ള രാജ്യങ്ങൾ ബ്രിട്ടീഷ് കോളനികളായിരുന്നതിനാൽ അവിടങ്ങളിൽ ബ്രിട്ടീഷ് മാതൃകകൾ അനുകരിക്കപ്പെട്ടു. വടക്കനാഫ്രിക്കയിൽ സംഭവിച്ചപോലെ ഫ്രഞ്ച് കോളനികളായ രാജ്യങ്ങൾ ഫ്രഞ്ച് മാതൃകകളും അനുകരിച്ചു. കഴിഞ്ഞ ഏതാനും ദശകങ്ങളായി അമേരിക്കൻ മാതൃകകളും മുസ്‌ലിം രാജ്യങ്ങൾ വ്യാപകമായി പകർത്തിപ്പോരുന്നുണ്ട്.

ആധുനിക പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ ചരിത്രവും സിദ്ധാന്തങ്ങളും ആഴത്തിൽ ഗ്രഹിക്കേണ്ടത് ഇന്ന് മുസ്‌ലിം വിദ്യാർഥികളെ സംബന്ധിച്ചേടത്തോളം അത്യന്താപേക്ഷിതമാണ്. പാശ്ചാത്യ രാജ്യങ്ങളിൽ വിദ്യാഭ്യാസം നേടുമ്പോഴുള്ള ആത്മരക്ഷക്കു വേണ്ടി മാത്രമല്ലിത്. ഇസ്‌ലാമിക ലോകത്തുതന്നെ തീർത്തും വിരുദ്ധമായ രണ്ട് വിദ്യാഭ്യാസ ദർശനങ്ങളും സ്ഥാപനങ്ങളും തമ്മിൽ നിലനിൽക്കുന്ന നിരന്തര സംഘർഷങ്ങൾ ഗ്രഹിക്കാനും അത്യാവശ്യമാണ്. പരസ്പര വൈരുധ്യങ്ങളുള്ള ഇത്തരം സ്ഥാപനങ്ങൾ നിർമിച്ചെടുക്കുന്നത് ഒരേ രാജ്യത്ത് ഒരേ ഭാഷ സംസാരിച്ച് ജീവിക്കുകയും അതേസമയം വിരുദ്ധമായ രണ്ട് ലോക വീക്ഷണങ്ങൾ വെച്ചു പുലർത്തുകയും ചെയ്യുന്ന അഭ്യസ്തവിദ്യരെയാണ്. ലോക വീക്ഷണത്തിലുള്ള ഈ വൈജാത്യം അധ്യാപകന്റെയും വിദ്യാർഥികളുടെയും പങ്ക്, ജ്ഞാനവും നൈതികതയും തമ്മിലും ശാസ്ത്രവും മതവും തമ്മിലുമുള്ള ബന്ധം, പാഠ്യപദ്ധതിയുടെ ഉള്ളടക്കം തുടങ്ങി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട സകല മൗലിക തലങ്ങളിലും പ്രതിഫലിക്കുന്നുണ്ട്. പടിഞ്ഞാറിലെ പോലെതന്നെ ഇസ്‌ലാമിക ലോകത്തും വിദ്യാഭ്യാസം എക്കാലത്തും കേന്ദ്ര സ്ഥാനത്തായിരുന്നു. ഏതൊരു സമൂഹത്തിന്റെയും ആദർശ തത്ത്വങ്ങളും മാതൃകകളുമെല്ലാം പ്രയോഗവത്കരിക്കപ്പെടുന്നതും സാക്ഷാത്കൃതമാകുന്നതും വിദ്യാഭ്യാസത്തിലൂടെയാണ് എന്നതുതന്നെ കാരണം.

വിജ്ഞാനത്തിന്റെ മതേതരവത്കരണം, ഭൗതികമായ അധീശത്വം, വ്യക്തിമഹാത്മ്യവാദത്തിന്റെ പ്രചാരണം തുടങ്ങിയ സ്വന്തം ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിൽ തന്നെ പാശ്ചാത്യ വിദ്യാഭ്യാസത്തിന് കടുത്ത പ്രതിസന്ധി നേരിടുകയാണ്. എന്തായിരുന്നാലും ആധുനിക പാശ്ചാത്യ വിദ്യാ

ഭ്യാസ സംവിധാനം മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം രണ്ടർഥത്തിൽ ആപത്കരമാണ്. ഒന്നാമതായി അത് സ്വയംതന്നെ പ്രതിസന്ധി നേരിടുകയാണ്. ഇനി അതിൽ അന്തഃസംഘർഷങ്ങളൊന്നുമില്ലെങ്കിൽ തന്നെ ഇസ്‌ലാമിന് അത് അപകടകരമാണ്. കാരണം ഇസ്‌ലാമിക പരിപ്രേക്ഷ്യത്തോടും ഇസ്‌ലാം പാവനമായി കാണുന്ന മൂല്യങ്ങളോടും ഇടഞ്ഞുനിൽക്കുന്നതാണ് അത്. അതിനാൽ ശാസ്ത്ര– സാങ്കേതിക ജ്ഞാനങ്ങൾ മാത്രമല്ല, പടിഞ്ഞാറിന്റെ ഏതൊരു ജ്ഞാനശാഖയെയും വിമർശനാത്മകമായും അതിസൂക്ഷ്മമായും സമീപിക്കേണ്ടതുണ്ട്. വിദ്യാഭ്യാസത്തിന്റെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അർഥം, പങ്ക്, ധർമം, സർവോപരി അവ ആസ്പദമാക്കിയിരിക്കുന്ന ദർശനം തുടങ്ങിയവയെക്കുറിച്ചെല്ലാം വ്യക്തമായ അവബോധമുണ്ടാവേണ്ടതുണ്ട്. അങ്ങനെ സ്വന്തം മതപരിപ്രേക്ഷ്യത്തെ വികലമാക്കി, ആത്മീയമായും ധൈഷണികമായും തങ്ങളെ ഉന്മൂലനം ചെയ്യുന്ന, സ്വന്തം പാരമ്പര്യ പരിസരത്തുനിന്നും തങ്ങളെ അന്യവത്കരിക്കുന്ന, ഇസ്‌ലാമിക സമൂഹത്തിനകത്തുതന്നെ വിള്ളലും കലാപവും സൃഷ്ടിക്കുന്ന ശക്തികൾക്ക് അടിമപ്പെടാതെതന്നെ പാശ്ചാത്യ ജ്ഞാനങ്ങളിൽനിന്ന് ആവശ്യമായവ സൂക്ഷ്മമായി ഗ്രഹിച്ചെടുക്കുക എന്നതാണ് മുസ്‌ലിം യുവാക്കൾക്ക് ചെയ്യാനുള്ളത്. ■

(വിവ: **വി. ബശീർ പടിഞ്ഞാറ്റുംമുറി**. 'A young Muslim's Guide to The Modern Wolrd' എന്ന കൃതിയിൽനിന്ന്)